# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.205/PR/PIC/PHQ/18 Date : 14.08.2018

## പോലീസ് സേനാംഗങ്ങളും ജീവനക്കാരും ദുരിതാശ്വാസ നിധിയിലേയ്ക്കു സംഭാവന നൽകും

സംസ്ഥാനത്ത് മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം എത്തിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി പൂർണ്ണമനസ്സോടെ പ്രവർത്തിക്കുന്നതോടൊപ്പം ദുരന്തത്തിനു ഇരയായവരുടെ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണ പങ്കാളിത്തം ഉണ്ടാകുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ പറഞ്ഞു. എല്ലാ പോലീസുദ്യോഗസ്ഥരും പരമാവധി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. സേനാംഗങ്ങളുടെയും ജീവനക്കാരുടെയും സമ്മതത്തിന് വിധേയമായി ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും കുറവുചെയ്യാൻ ബന്ധപ്പെട്ട ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ആഫീസർമാരെ ചുമതലപ്പെടുത്തി. ഓരോ യൂണിറ്റിൽ നിന്നും നൽകിയ തുകയുടെ വിശദാംശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പോലീസ് ആസ്ഥാനത്തെ ഹെഡ്ക്വാർട്ടേഴ്സ് ഐ.ജി ക്ക് ആഗസ്റ്റ് 20 നകം നൽകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.